സാഹിത്യവാരഫലം

1998/01/30 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1998/01/30-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.

ചോദ്യം, ഉത്തരം

ചോദ്യം: നിങ്ങളുടെ നോട്ടത്തിൽ ആശാൻ മാത്രമേയുള്ളോ രാഷ്ട്രീയത്തിൽ പരമയോഗ്യനായി?

ഉത്തരം: ആശാനെന്ന് നിങ്ങളെഴുതിയത് ശ്രീ. കെ. വി. സുരേന്ദ്രനാഥിനെ ഉദ്ദേശിച്ചാണോ? എങ്കിൽ ഞാൻ പറയട്ടെ. പ്രവൃത്തിയിലും വാക്കിലും വിശുദ്ധി പരിപാലിക്കുന്ന സമുന്നതനായ വ്യക്തിയാണ് അദ്ദേഹം. സുരേന്ദ്രനാഥിന് പതിന്നാലു വയസ്സുള്ള കാലം തൊട്ട് ഞാൻ അദ്ദേഹത്തെ വിമർശനബുദ്ധിയോടെ നോക്കിയിട്ടുണ്ട്. ഇന്നുവരെ അദ്ദേഹം പരിപൂർണ്ണമായ സ്വഭാവമേന്മയോട് കൂടി മാത്രമേ പ്രത്യക്ഷനായിട്ടുള്ളൂ. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നത്. എന്റെ ആദരത്തിന് പാത്രമായ മറ്റൊരു വ്യക്തി വാർദ്ധയിലെ സേവാഗ്രാം ആശ്രമം ഡയറക്ടറായ ശ്രീ. പി. ഗോപിനാഥൻ നായരാണ്. സുരേന്ദ്രനാഥിനെയും ഗോപിനാഥൻ നായരെയും മഹാവ്യക്തികളെന്ന് വിശേഷിപ്പിക്കാൻ ഞാൻ എപ്പോഴും സന്നദ്ധനാണ്.

ചോദ്യം: താങ്കൾ ആവർത്തിക്കുന്നുവെന്ന് പ്രൊഫ. തുറവൂർ വിശ്വംഭരൻ എഴുതിയിരിക്കുന്നു. ശരിയല്ലേ?

ഉത്തരം: ശരി. 27 കൊല്ലമായി ഞാൻ എഴുതുന്നു. ചിലപ്പോൾ അറിഞ്ഞും മറ്റു ചിലപ്പോൾ അറിയാതെയും ആവർത്തിക്കും. എല്ലാം ഒരാളിൽ നിന്ന് വരുന്നതല്ലേ? ഏതായാലും ഇനി ഈ ദോഷം ഒഴിവാക്കാൻ ശ്രമിക്കാം. തുറവൂർ വിശ്വംഭരന് നന്ദി പറയുന്നു സത്യം ചൂണ്ടിക്കാണിച്ചതിന്.

ചോദ്യം: അപമാനിക്കൽ എത്ര വിധമുണ്ട്?

ഉത്തരം: രണ്ടു തരത്തിൽ. പരോക്ഷമായ അപമാനം; പ്രത്യക്ഷമായ അപമാനം. പരോക്ഷമായ അപമാനത്തിന് ഉദാഹരണം നല്കാം. ഒരു രാത്രി റ്റെലിഫോൺ മണിനാദം കേൾക്കുന്നു. റിസീവറെടുത്ത് കാതിൽ ചേർത്തപ്പോൾ ഒരെഴുത്തുകാരനിൽ നിന്ന് ഇങ്ങനെ കേട്ടു. 'ഞാനൊരു ലേഖനത്തിൽ കപടചിന്തകൻ എന്നെഴുതിയത് സാറിനെക്കുറിച്ചാണോ' എന്ന് വിനു എബ്രഹാം ചോദിച്ചു. (വിനു എബ്രഹാം The Week എന്ന വാരികയുടെ സിറ്റി എഡിറ്റർ) 'അല്ല' എന്നു ഞാൻ മറുപടി നല്കി. 'സാറ് തെറ്റിദ്ധരിക്കരുത്. സാറിനെയല്ല ഞാൻ കപടചിന്തകൻ എന്ന് വിളിച്ചത്'. എൻ. ഗോപാലപിള്ള ഈ കുത്സിതത്വത്തിൽ വ്യാപരിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞു: 'കൃഷ്ണൻനായരേ നിങ്ങൾ സൂപർഫിഷലാണെന്ന് ഗുപ്തൻ നായർ പറഞ്ഞല്ലോ'. ഗുപ്തൻനായർസ്സാർ അങ്ങനെയൊരു കാര്യം വിചാരിച്ചിരിക്കുകയേയില്ല. ഗോപാലപിള്ളസ്സാറിന് പറയാനുള്ളത് ഗുപ്തൻനായർ സ്സാറിന്റെ തലയിൽ കെട്ടി വയ്ക്കുന്നതേയുള്ളൂ. 'വീക്ക്' എന്ന വാരികയിലൂടെ എന്നെ ചക്രവർത്തിയാക്കിയ ആളാണ് വിനു എബ്രഹാം. അദ്ദേഹം എന്നെ കപടചിന്തകൻ എന്ന് വിളിക്കില്ല. പ്രത്യക്ഷമായ അപമാനത്തിന് ഏത് വാരിക നോക്കിയാലും മതി. ഉദാഹരണം കിട്ടും. 'തെക്കേ ഇംഗ്ലണ്ടിലെ ഒരു സാഹിത്യവാരഫലക്കാരൻ അഷ്ടമൂർത്തിയെയും പ്രഭാവർമ്മയെയും അദ്ദേഹത്തിന്റെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നു' എന്ന് ഒരു ലേഖകൻ മലയാളം വാരികയിൽ. ഇത് പ്രത്യക്ഷമായ അപമാനമാണ്. എന്റെ മുഖത്ത് കാർക്കിച്ചു തുപ്പിയാണ് അദ്ദേഹം ഈ രീതിയിൽ അപമാനിക്കുന്നത്. എന്റെ പേനയിൽ മഷിയേറെയുണ്ട്. ഇതിന് പകരം വീട്ടാനായി ഞാൻ മഷി അദ്ദേഹത്തിന്റെ മുഖത്തേക്ക് കുടയുന്നില്ല.

ചോദ്യം: ഐൻസ്റ്റീനോ ഷേക്സ്പിയറോ കേമൻ?

ഉത്തരം: ഷെയ്ക്സ്പിയർ. ഐൻസ്റ്റൈൻ പ്രപഞ്ചത്തെക്കുറിച്ച് അറിവിന്റെ ഒരംശം മാത്രം തന്നു. ഷെയ്ക്സ്പിയർ പ്രപഞ്ചസത്യം സ്പഷ്ടമാക്കി. ഐൻസ്റ്റൈൻ വിസ്മരിക്കപ്പെടും. ഷെയ്ക്സ്പിയർക്ക് മരണമില്ല.

ചോദ്യം: നല്ല ഗദ്യമെഴുതാൻ എന്തുചെയ്യണം?

ഉത്തരം: ആവശ്യകതയിൽക്കവിഞ്ഞ് ഒരു വാക്ക് പോലും പ്രയോഗിക്കരുത്. രവിവർമ്മയുടെ ഏതെങ്കിലും ചിത്രത്തിൽ സ്വല്പം ചായം തേച്ചു നോക്കൂ. ചിത്രമാകെ തകർന്നു പോകുകയില്ലേ. അതുപോലെ വേണ്ടാത്ത ഒരു വാക്ക് ഗദ്യത്തിൽ വന്നാൽ രചനയ്ക്ക് തകർച്ചയുണ്ടാകും.

ചോദ്യം: നിങ്ങൾ ന്യൂറോട്ടിക്കാണോ?

ഉത്തരം: ഒരു ന്യൂറോട്ടിക്കിന് വേറൊരു ന്യൂറോട്ടിക്കിനോട് ആ ചോദ്യം ചോദിക്കാൻ അവകാശമില്ല.

ചോദ്യം: സാഹിത്യകാരന്മാർ മരിക്കില്ലേ?

ഉത്തരം: സാധാരണ മനുഷ്യർക്ക് ഒരു മരണമേയുള്ളൂ. സാഹിത്യകാരന്മാർക്ക് ദിവസവും മരണമാണ്. വേറൊരു സാഹിത്യകാരന് എവോർഡ് കിട്ടിയെന്ന് പത്രത്തിൽ വായിക്കുമ്പോൾ അത് വായിക്കുന്ന സാഹിത്യകാരൻ കറച്ചു മരിക്കുന്നു. പെരുമ്പടവം ശ്രീധരന് വയലാർരാമവർമ്മ എവോർഡ് കിട്ടിയപ്പോൾ പല സാഹിത്യകാരന്മാരുടെയും ജീവൻ മുക്കാൽ പങ്കം പോയി. കാൽ ഭാഗം പ്രാണനോട് കൂടിയാണ് അവർ ഇന്ന് ജീവിക്കുന്നത്.

വിധിയുടെ വിനോദം

മലയാറ്റൂർ രാമകൃഷ്ണൻ മരിക്കുന്നതിന്റെ തലേദിവസം (അതോ അതിന് മുൻപോ) എന്നോട് ചോദിച്ചു. "നമ്മൾ രണ്ടു പേരും കുറെ വർഷം മുൻപ് ലൂസിയ ഹോട്ടലിൽ വച്ച് 555 സിഗ്ററ്റിന്റെ കൂട്ട് അങ്ങോട്ടുമിങ്ങോട്ടുമെറിഞ്ഞ് കളിച്ചത് ഓർമ്മിക്കുന്നുണ്ടോ?" "ഓർമ്മിക്കുന്നു" എന്ന് എന്റെ മറുപടി "എന്തുതോന്നി?" എന്ന് മലയാറ്റൂരിന്റെ വീണ്ടുമുള്ള ചോദ്യം. ഞാൻ പറഞ്ഞ മറുപടി എന്താണെന്ന് എഴുതുന്നതിന് മുൻപ് സ്വല്പം വിശദീകരണം.

സാധാരണ മനുഷ്യർക്ക് ഒരു മരണമേയുള്ളൂ. സാഹിത്യകാരന്മാർക്ക് ദിവസവും മരണമാണ്. വേറൊരു സാഹിത്യകാരന് എവോർഡ് കിട്ടിയെന്ന് പത്രത്തിൽ വായിക്കുമ്പോൾ അത് വായിക്കുന്ന സാഹിത്യകാരൻ കറച്ചു മരിക്കുന്നു.

പെരുമ്പടവം ശ്രീധരൻ

മലയാളനാട് പത്രാധിപർ എസ്. കെ. നായർ, അഭിനേതാവ് എം. ജി. സോമൻ, മലയാറ്റൂർ രാമകൃഷ്ണൻ ഇവർ ലൂസിയ ഹോട്ടലിലെ ലഹരിക്ക് വിധേയരായി ഇരിക്കുമ്പോൾ 'കൃഷ്ണൻനായരെ വരുത്തു' എന്ന് മലയാറ്റൂരിന്റെ നിർദ്ദേശം. അദ്ദേഹം എഴുതിയ നോവലിന്റെ കൈയെഴുത്തുപ്രതി അവരെ വായിച്ച് കേൾപ്പിക്കുമ്പോഴാണ് ആ നിർദ്ദേശമുണ്ടായത്. എസ്. കെ. നായരുടെ കൊട്ടാരം പോലെയുള്ള കാർ എന്റെ വീട്ടുനടയിലെത്തി. ഞാൻ ലൂസിയ ഹോട്ടലിലെ ഹോളിൽ. എന്നെക്കണ്ടയുടനെ മലയാറ്റൂർ കൈയെഴുത്തുപ്രതി എടുത്തു വായന തുടങ്ങി. ഷൂട്ടിങ്ങിന് പോകാൻ മുഖത്ത് ചായം തേച്ച് സോമൻ ഇരിക്കുകയായിരുന്നു. മലയാറ്റൂരിന്റെ പാരായണം അസഹനീയമെന്ന് അദ്ദേഹത്തിന്റെ (സോമന്റെ) മുഖഭാവം തെളിയിച്ചു. ദീർഘമായ ഒരധ്യായം വായിച്ചതിന് ശേഷം മലയാറ്റൂർ എന്നോട് ചോദിച്ചു: 'എങ്ങനെയിരിക്കുന്നു?' എന്റെ ഉത്തരം: 'വളരെ നന്നായിരിക്കുന്നു' ഇത് കേട്ടയുടനെ സോമൻ ക്ഷോഭിച്ച് എന്നോട് പറഞ്ഞു: 'ഇങ്ങനെയൊന്നും പറയല്ലേ സാർ. പറഞ്ഞാൽ ഇവൻ ഇവിടെ നിന്നു പോകാതെ നോവൽ മുഴുവൻ വായിച്ച് കേൾപ്പിക്കും. എന്റെ കാറ് വന്നെങ്കിൽ എനിക്ക് പോകാമായിരുന്നു'. മലയാറ്റൂർ കൈയെഴുത്തുപ്രതി താഴെ വച്ചു. എഴുന്നേറ്റു. ഒഴിഞ്ഞ 555 സിഗ്ററ്റ് കൂടെടുത്തു. എന്നോട് ഹോളിന്റെ ഒരു ഭിത്തിക്കരികിൽ നില്ലാൻ ആവശ്യപ്പെട്ടു. അവിടെ നിന്നു കുറെ ദൂരമുള്ള മറ്റൊരു ഭിത്തിയുടെ അടുത്തേക്ക് മലയാറ്റൂർ പോയി. കൂട് എന്റെ നേർക്ക് എറിഞ്ഞു. ഞാനതു പിടിച്ച് അദ്ദേഹത്തിന്റെ നേർക്ക് എറിയണം. അത് ചെയ്തു. ഇങ്ങനെ അരമണിക്കൂർ നേരം കൂട്ടുകൊണ്ടുള്ള കളി. ലഹരിക്ക് വിധേയനാകാത്ത ഞാൻ നീരസത്തോടെ 'കളിമതി' എന്ന് ഉച്ചത്തിൽ പറഞ്ഞു. അപ്പോഴാണ് മലയാറ്റൂർ ചോദിച്ചത് 'ഈ കളിയിൽ നിന്ന എന്ത് മനസ്സിലാക്കി'യെന്ന്. ഞാൻ: ജീവിതം ഇത് പോലെയൊരു കളിയാണ്. വിധിയാണ് സിഗ്ററ്റ് കൂടെന്ന പോലെ നമ്മളെ ഒരു സ്ഥലത്തു നിന്ന് വേറൊരു സ്ഥലത്തേക്കും അവിടെ നിന്ന് ആദ്യത്തെ സ്ഥലത്തേക്കും തെറിപ്പിക്കുന്നത്. ജീവിതം ഒരോണപ്പന്താണെന്നും അത് തുച്ഛമാണെന്നും മണ്ണിൽ അത് ഉരുളുന്നവെന്നും കവി പറഞ്ഞതും ഞാൻ ഓർമ്മിച്ചു. പക്ഷേ മലയാറ്റൂരിനോട് കവിവാക്യം പറഞ്ഞില്ല.

വിനു എബ്രഹാം

രണ്ടു ജീവിതങ്ങൾ വിധിയുടെ പ്രവാഹത്തിൽ തുരുമ്പുകൾ പോലെ ഒഴുകുന്നത് (ചങ്ങമ്പുഴ) ഓണപ്പന്തു പോലെ ഉരുളുന്നത്, കൂട്ടുപോലെ അങ്ങോട്ടുമിങ്ങോട്ടും പോകുന്നത് വരച്ചു കാണിക്കുന്നു ശ്രീജ എം. ജി. 'മദ്ധ്യാഹ്നം' എന്ന ചെറുകഥയിൽ. (മലയാളം വാരിക) വൃദ്ധൻ, വൃദ്ധ, അവരുടെ മകൾ വിജാതീയ വിവാഹം കഴിഞ്ഞ് അവരെ ഉപേക്ഷിച്ചു പോയിരിക്കുന്നു എല്ലാക്കാലത്തേക്കുമായി. മകൻ അന്യദേശത്ത്. വിധിയോടൊരുമിച്ച് അവർ കൂരിരുട്ടിലേക്ക് നീങ്ങുന്നു. അവരുടെ ഈ മന്ദഗതിയിലുള്ള യാത്രയെ യോജിച്ച ബിംബങ്ങളിലൂടെ, രൂപങ്ങളിലൂടെ ശ്രീജ വരച്ചു കാണിക്കുന്നു. ചിരപരിചിതമാണ് വിഷയമെങ്കിലും കഥയെഴുതിയ ആൾ വൈദഗ്ദ്ധ്യം കൊണ്ട് ആ ദോഷത്തെ ഒഴിവാക്കിയിരിക്കുന്നു.

വിചാരങ്ങൾ

1. പ്രചാരണത്തിന് സാഹിത്യത്തെ ഉപയോഗിക്കുന്നയാൾ വേറൊരാളെ മുന്നിൽ കണ്ടുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ജീവിതാനുഭവങ്ങൾ സൗന്ദര്യത്തോട് ബന്ധപ്പെട്ട പ്രതികരണമുളവാക്കും. ആ പ്രതികരണങ്ങളെ രൂപശില്പത്തോടെ പ്രകാശിപ്പിക്കുന്നവൻ ആ വേറൊരാളെ കാണുന്നില്ല. അപ്പോഴാണ് സാഹിത്യം സാഹിത്യമാകുന്നത്.

2. നമ്മൾ മറ്റുള്ളവരോട് സംസാരിക്കുമ്പോൾ മനസ്സിൽ സ്വാഭാവികമായും വരുന്നതേ പറയാവൂ. ശ്രോതാവിന് അത്ഭുതം ജനിപ്പിക്കുന്ന മട്ടിൽ നൂതനാശയങ്ങൾ ആവിഷ്കരിച്ചാൽ നമ്മുടെ വ്യക്തിത്വം അതിൽ വരുകില്ല. അപ്പോൾ സംഭാഷണം കൃത്രിമമാകും. 'ബോറൻ' എന്നു പറഞ്ഞു ശ്രോതാവ് എഴുന്നേറ്റ് പോകുകയും ചെയ്യും.

സി. ജി. യുങ്

3. ഷെയ്ക്സ്പിയറിന്റെ ഹാംലിറ്റ് നാടകത്തിൽ ഒരന്തർ നാടകമുണ്ട്. അത് കണ്ടുകൊണ്ടിരിക്കുന്നു നാടകത്തിലെ ചില കഥാപാത്രങ്ങൾ. അവരെ പ്രേക്ഷകർ കാണുന്നു. നമ്മളെസ്സംബന്ധിച്ചിടത്തോളം പ്രേക്ഷകർക്ക് സത്യാത്മകതയുണ്ട്. പക്ഷേ അങ്ങനെ തീർപ്പ് കല്പിക്കാമോ എന്നാണ് ലാറ്റിനമേരിക്കൻ സാഹിത്യകാരൻ ബോർഹേസിന്റെ ചോദ്യം. നാടകം കാണുന്ന പ്രേക്ഷകരും മറ്റു ചിലർ കാണുന്ന നാടകത്തിലെ കഥാപാത്രങ്ങളായിക്കൂടേ എന്ന് അദ്ദേഹം സംശയിക്കുന്നു. എല്ലാം അത്ഭുതജനകം തന്നെ. സി. ജി. യുങ്ങിന്റെ 'Memories, Dreams, Reflections' എന്ന ഗ്രന്ഥം വായിക്കേണ്ടതാണ്. (ഓർമ്മക്കുറിപ്പുകൾ) യുങ്ങിന്റെ വീട്ടിലെ ഉദ്യാനത്തിൽ ഒരു മതിലുണ്ടായിരുന്നു. ആ മതിലിന് മുൻപിൽ ഒരു കല്ലും. ചിലപ്പോൾ യുങ് ആ കല്ലിൽ കയറിയിരുന്നു വിചാരിക്കും: 'ഞാൻ കല്ലിന്റെ മുകളിൽ ഇരിക്കുന്നു. കല്ല് താഴെയും'. പക്ഷേ കല്ലിനും ഇങ്ങനെ വിചാരിക്കാം. 'ഞാൻ ഈ ചെരിവിൽ കിടക്കുന്നു. അയാൾ എന്റെ മുകളിലായി ഇരിക്കുന്നു'. അപ്പോൾ ഒരു ചോദ്യമുണ്ടായി. 'ഞാനാണോ കല്ലിൽ ഇരിക്കുന്നത് അതോ "അവൻ" (കല്ല്) ഇരിക്കുന്നത് കല്ലായ എന്നിലാണോ?' (pp. 35, Collins, Fontana) കല്ലിന് താനുമായി എന്തോ രഹസ്യബന്ധമുണ്ടെന്ന് യുങ്ങിന് തോന്നിയിരുന്നു. സാധാരണത്വത്തിൽ അസാധാരണത്വം കാണാൻ ധിഷണാശാലികൾക്ക് പ്രവണതയുണ്ടെന്ന് ബോർഹേസിന്റെയും യുങ്ങിന്റെയും വിചാരങ്ങൾ തെളിയിക്കുന്നു.

കെ. എൽ. മോഹനവർമ്മ

Asian Laughter എന്ന പുസ്തകം ഫിലിം ഡയറക്ടർ അരവിന്ദൻ അദ്ദേഹത്തിന്റെ അച്ഛൻ എം. എൻ. ഗോവിന്ദൻ നായർക്ക് നല്കിയെന്നും രസകരമായ പുസ്തകമാണ് അതെന്നും അദ്ദേഹം (എം. എൻ) എന്നോട് പറഞ്ഞിട്ടുണ്ട്. എം. എൻ. അതെന്നെ അറിയിക്കുന്നതിന് മുൻപ് തന്നെ ഞാൻ ആ പുസ്തകം വായിച്ചിരുന്നു. രസകരങ്ങളായ ഏറെ നേരമ്പോക്കുകൾ അതിലുണ്ട്. പുസ്തകം ഇപ്പോൾ കൈയിലില്ലാത്തതുകൊണ്ട് ഓർമ്മയിൽ നിന്ന് രണ്ടെണ്ണം കുറിക്കാം.

ഭർത്താവ് ഉറക്കത്തിൽ കരഞ്ഞപ്പോൾ ഭാര്യ അയാളെ വിളിച്ചുണർത്തി കാരണമന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞു: "ഒരു സുന്ദരി യുവതി എന്നെ കൈക്ക് പിടിച്ചു വലിച്ച് അവളുടെ മനോഹരമായ കിടക്കയിലേക്ക് കൊണ്ടുചെല്ലാൻ ശ്രമിച്ചു. ഞാനതു തടഞ്ഞുകൊണ്ട് നിലവിളിച്ചു". അതുകേട്ട് ഭാര്യ പറഞ്ഞു: "ഞാൻ വിളിച്ചുണർത്തിയില്ലായിരുന്നെങ്കിൽ നിങ്ങൾ മിക്കവാറും..."

വേറൊന്ന്: ഒരു കുരുടൻ നടന്നു പോകുന്ന വഴിയിൽ ഒരു പട്ടിയെ ചവിട്ടി. അത് അയാളെ പേടിപ്പിക്കുമാറ് കുരച്ചു. കുരച്ചുകൂടി നടന്നിട്ട് അന്ധൻ വീണ്ടും പട്ടിയെ ചവിട്ടി. പേടിച്ച് അയാൾ പറഞ്ഞു: 'ഹോ എന്തൊരു അസാധാരണമായ മട്ടിൽ നീളമുള്ള പട്ടി'.

ഹാസ്യകഥയെ അപഗ്രഥിക്കരുത്. റോസാപ്പൂവിന്റെ സൗന്ദര്യമെവിടെയിരിക്കുന്നുവെന്നറിയാൻ അതിന്റെ ഇതളുകൾ ഓരോന്നായി ഇളക്കിനോക്കുന്ന പ്രക്രിയ പോലെയാണ് അതെന്ന് പലരും പറഞ്ഞിട്ടുണ്ട്.

നേരമ്പോക്കിന് വേണ്ടിമാത്രമുള്ള നേരമ്പോക്കാണിത്. ഇനി ഞാൻ എഴുതുന്ന നേരമ്പോക്കിന് ലക്ഷ്യമുണ്ട്. ഒരു ഒട്ടകപ്പക്ഷിയും പിടക്കോഴിയും അടുത്തടുത്തുള്ള കൂട്ടകളിൽ പാർത്തിരുന്നു. പിടക്കോഴി കൂടെക്കൂടെ ശബ്ദമുണ്ടാക്കുന്നതിൽ ദേഷ്യപ്പെട്ട് ഒട്ടകപ്പക്ഷി ചോദിച്ചു: 'നീ എന്തിനാണ് അസഹനീയമായ രീതിയിൽ ഒച്ചവയ്ക്കുന്നത്?' പിടക്കോഴി മറുപടി പറഞ്ഞു: 'ഞാനിപ്പോൾ മുട്ടയിട്ടതേയുള്ളൂ'. ഒട്ടകപക്ഷി ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഓ, അതല്ല. നീ പിടക്കോഴി ആയതുകൊണ്ടാണ് ഇങ്ങനെ ബഹളം കൂട്ടുന്നത്'. സമത്വവാദവുമായി പ്രസംഗിക്കാൻ നടക്കുന്ന സ്ത്രീകളെ കളിയാക്കുകയാണ് ഇതെഴുതിയ ആൾ. ഇതുപോലെ ലക്ഷ്യവേധിയായ നേരമ്പോക്കുകൾ പ്രയോഗിക്കുന്നതിൽ പ്രഗല്ഭനാണ് ശ്രീ. കെ. എൽ. മോഹനവർമ്മ.

കെ. എൽ. മോഹനവർമ്മ

അച്ഛനമ്മമാരും സന്താനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ ലയം ഇന്നാകെ മാറിപ്പോയല്ലോ. അതേ സമയം മാതാപിതാക്കളുടെ ബുദ്ധിശൂന്യതയും വർദ്ധിച്ചിരിക്കുന്നു. ഈ 'സമൂഹസത്യ'ത്തെ ഹൃദ്യമായി ചിത്രീകരിക്കുന്ന കഥയാണ് മോഹനവർമ്മയുടെ 'ഒരു ബൗദ്ധിക പ്രശ്നം' എന്നത്. 'പിള്ളേർ' തന്തയും തള്ളയും പറയുന്നത് കേൾക്കില്ല. അവർ പ്രായമായവരെപ്പോലെ പെരുമാറുന്നു. ഫലമോ? മാതാപിതാക്കന്മാർ വിഡ്ഢികളായിത്തീരുന്നു. ഹാസ്യകഥയെ അപഗ്രഥിക്കരുത്. റോസാപ്പൂവിന്റെ സൗന്ദര്യമെവിടെയിരിക്കുന്നുവെന്നറിയാൻ അതിന്റെ ഇതളുകൾ ഓരോന്നായി ഇളക്കിനോക്കുന്ന പ്രക്രിയ പോലെയാണ് അതെന്ന് പലരും പറഞ്ഞിട്ടുണ്ട്. ഏത് ഹാസ്യരചനയ്ക്കും അത്യുക്തി കാണും. അത്യുക്തിയിലേക്ക് ചെല്ലാതെ മോഹനവർമ്മ ഹാസ്യകഥ രചിച്ചിരിക്കുന്നു.

ഇംഗ്ലണ്ടിലെ വിക്ടോറിയ രാജ്ഞി വലിയ നേരമ്പോക്കുകാരിയായിരുന്നു. ഷെയ്ക്സ്പിയറിന്റെ King Lear എന്ന നാടകം കണ്ടിട്ട് തിരിച്ച് കൊട്ടാരത്തിലേക്ക് പോരുമ്പോൾ ആരോ അവരുടെ അഭിപ്രായം ചോദിച്ചു നാടകത്തെപ്പറ്റി. വിക്ടോറിയ പറഞ്ഞു: I saw it at a disadvantage – the curtain was up.

സമക്ഷത

സർ. സി. പി. രാമസ്വാമി അയ്യർ

സർ. സി. പി. രാമസ്വാമി അയ്യർ തിരുവനന്തപുരത്തെ റ്റൗൺ ഹോളിൽ സമ്മേളനങ്ങൾ ഉദ്ഘാടനം ചെയ്യുന്നതും അധ്യക്ഷ്യം വഹിച്ചു പ്രഭാഷണങ്ങൾ നിർവഹിക്കുന്നതും ഞാനെത്ര തവണയാണ് കണ്ടിട്ടുള്ളത്. കേട്ടിട്ടുള്ളത്. തിരുവിതാംകൂർ നിയമസഭയുടെ അധ്യക്ഷനായിരുന്ന് പ്രസംഗിക്കുന്നതും നേരമ്പോക്കുകൾ പറഞ്ഞ് നിയമസഭാംഗങ്ങളെ പൊട്ടിച്ചിരിപ്പിക്കുന്നതും ഞാൻ എത്ര തവണയാണ് ദർശിച്ചിട്ടുള്ളത്. ശ്രവിച്ചിട്ടുള്ളത്. അത്ര സ്വത്വശക്തിയും വ്യക്തിപ്രഭാവവുമുള്ള വ്യക്തികളെ ഞാൻ വേറെ കണ്ടിട്ടില്ല. സ്വന്തം സാന്നിദ്ധ്യം അല്ലെങ്കിൽ പ്രത്യക്ഷത കൊണ്ടാണ് അദ്ദേഹം ആളുകളെ പ്രകമ്പനം കൊള്ളിച്ചത്. പാണ്ഡിത്യം, അധികാരം ഇവ കൊണ്ടാണ് സി. പി. തന്റെ സമക്ഷത ദ്രഷ്ടാക്കളെ അറിയിച്ചിരുന്നത്. തലപ്പാവ്, സില്ക് ജുബാ, പാളത്താറ് ഇവയായിരുന്നു അദ്ദേഹത്തിന്റെ വേഷം. ആ വേഷമല്ല സി. പി. യുടെ സാന്നിദ്ധ്യത്തിന്റെ ബോധമുളവാക്കിയത്. അന്തർജ്ജാതമായ ശക്തിവിശേഷം ആ മുഖത്ത് സവിശേഷ ശോഭ ഉളവാക്കിയിരുന്നു. ഒപ്പം അധികാരവും.

സുന്ദരികൾക്ക് സാന്നിദ്ധ്യമറിയിക്കാൻ അധികാരം വേണ്ട. അധികാരം പ്രകടിപ്പിച്ചാൽ അവരെ പുരുഷന്മാർ വെറുക്കുകയും ചെയ്യും. മനോഹരമായി വസ്ത്രധാരണം ചെയ്ത സൗന്ദര്യത്തിന്റെ മയൂഖങ്ങൾ വീശി അവൾ സദസ്സിൽ വന്നാൽ മതി. പുരുഷന്മാർ അവളുടെ ദർശനത്തിൽ തങ്ങളെത്തന്നെ മറക്കും. പ്ലാറ്റ്ഫോമിലിരിക്കുമ്പോൾ ചൂട് കൂടിയെന്നും ഫാൻ സ്വിച്ചോൺ ചെയ്യണമെന്നും അവൾക്ക് തോന്നിയെന്നിരിക്കട്ടെ. അവൾ ഒരുത്തനോടും ഫാനിന്റെ സ്വിച്ച് ഓൺ ചെയ്യൂ എന്ന് അപേക്ഷിക്കില്ല. വിശാല വിലോചനങ്ങൾ കൊണ്ട് ഫാനൊന്നു നോക്കിയാൽ മതി. പുരുഷൻ ഓടിച്ചെന്ന് സ്വിച്ചിടും. പുരുഷന് ഫാൻ കറക്കണമെന്നു തോന്നിയാൽ അയാൾ ആരോടെങ്കിലും അതിന് വേണ്ടി അപേക്ഷിക്കും. ഇതാണ് സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം. പുരുഷന് സമൂഹത്തിലെ പദവിയും അധികാര പ്രയോഗത്തിനുള്ള വൈദഗ്ദ്ധ്യവും അയാളുടെ പ്രത്യക്ഷതയുടെ ബോധമുളവാക്കും ദ്രഷ്ടാക്കൾക്ക്. സ്ത്രീക്ക് സൗന്ദര്യം മാത്രം മതി. അധികാരം വേണ്ട, സമൂഹത്തിലെ പദവി വേണ്ട, ഉന്നത വിദ്യാഭ്യാസം വേണ്ട. വിക്തോർ യൂഗോ 'പാവങ്ങളി'ൽ പറഞ്ഞത് പോലെ അവൾ സൗന്ദര്യം കൊണ്ട് കളിക്കുന്നു.

സൗന്ദര്യം മാത്രം കൊണ്ട് പാവപ്പെട്ട ഒരു റിക്ഷാക്കാരനെ പരവശനാക്കുന്ന ഒരുത്തിയെ പ്രദോഷ് മിശ്ര എന്ന ഒറിയ കഥാകാരൻ 'മാരിവില്ലിന്റെ നിറങ്ങൾ' എന്ന കഥയിൽ അവതരിപ്പിക്കുന്നു. (ചില്ല മാസിക— ഡോ. ആർസുവിന്റെ ഭാഷാന്തരീകരണം) ആ പാരവശ്യം മാറുന്നത് അവളുടെ സാന്നിദ്ധ്യം മറ്റൊരു പുരുഷൻ അറിഞ്ഞു രസിക്കുമ്പോഴാണ്. മോഹഭംഗം വന്ന ആ റിക്ഷാക്കാരൻ താൻ നേരത്തേ വേദനിപ്പിച്ച ഭാര്യയുടെ അടുത്തേക്ക് ചെല്ലുമ്പോൾ കഥ അവസാനിക്കുന്നു. പ്രദോഷ് മിശ്രയ്ക്ക് കഥ എവിടെ നിറുത്തണമെന്ന് അറിഞ്ഞുകൂടാ. റിക്ഷാക്കാരന്റെ ഭാര്യയെക്കൂടി വലിച്ചിഴച്ച് കൊണ്ടുവന്ന് സാന്മാർഗ്ഗികോപദേശം നടത്തുന്ന കഥാകാരൻ കലയുടെ കഴുത്തിൽ കത്തിവച്ചിട്ടേ പിന്മാറുന്നുള്ളൂ. അന്യനാട്ടിലെ രചനകൾ കേരളത്തിൽ കൊണ്ടുവരുന്നത് നന്ന്. പക്ഷേ അവ രത്നങ്ങളായിരിക്കണം. ബഷീറിന്റെയും ഉറൂബിന്റെയും കഥാരത്നങ്ങളുള്ള നാട്ടിൽ പ്രദോഷ് മിശ്രയുടെ ഈ കാക്കപ്പൊന്ന് എന്തിന്? 'കരഗതമൊരമലമണിവരമുടനപേക്ഷിച്ച് കാചത്തെയെന്തുനീ കാംക്ഷിക്കുന്നതോമലേ!' ഡോ. ആർസുവിനെ ഓമലേ എന്ന് വിളിക്കുന്നതിൽ അനൗചിത്യമുണ്ടെന്ന് തോന്നുന്നുണ്ടോ? എങ്കിൽ ഞാൻ രാവണനായിട്ടാണ് ചോദിക്കുന്നതെന്ന് വിചാരിച്ചാൽ മതി.

പുതിയ പുസ്തകം


ലുമുംബ

ആഫ്രിക്കൻ രാഷ്ട്രവ്യവഹാര നേതാവ് ലുമുംബയെ വധിച്ചതിന്റെ അടുത്ത ദിവസം. കാലത്ത് പത്തുമണിക്ക് ഞാൻ തിരുവനന്തപുരത്തെ മഹാത്മാഗാന്ധിക്കോളേജിൽ ചെന്നു പ്രിൻസിപ്പൽ എം. പി. മന്മഥനോടൊരുമിച്ച് ഒരു സമ്മേളനത്തിന് പോകാൻ. കുട്ടികൾ ക്ഷോഭിച്ച് അങ്ങോട്ടുമിങ്ങോട്ടുമോടുന്നു. അവർക്ക് അനുശോചനയോഗം കൂടണം. സമ്മേളനത്തിൽ മന്മഥൻ സാറ് തന്നെ അധ്യക്ഷനായിരിക്കണം. ഞങ്ങൾക്ക് പങ്കെടുക്കേണ്ട മീറ്റിങ് വൈകുമെങ്കിലും കുട്ടികളുടെ ക്ഷോഭം കണ്ട് അനുശോചനയോഗം നടക്കട്ടെയെന്ന് മന്മഥൻസ്സാറ് പറഞ്ഞു. ആദ്യമായി ഒരു വിദ്യാർത്ഥി പ്രസംഗിക്കാൻ പ്ലാറ്റ്ഫോമിൽ കയറി. അയാൾ അങ്ങോട്ടുമിങ്ങോട്ടും നോക്കി. ചിറിയൊന്നു നക്കി. ലുമുംബ വധിക്കപ്പെട്ടതിന്റെ ദുഃഖമാണ് അയാൾക്കെന്ന് ഞാൻ വിചാരിച്ചു. 'പ്രസംഗിക്കൂ' എന്ന് സാർ പറഞ്ഞപ്പോൾ അയാൾ തുടങ്ങി. "ലുമുംബ... (രണ്ടു മിനിറ്റ് നേരത്തേക്ക് മൗനം) ലുമുംബ... (മൂന്നുമിനിറ്റ് മൗനം) ലുമുംബ..." (നാലു മിനിറ്റ് മൗനം). അത്രതന്നെ. ഒന്നും പറയാൻ അറിഞ്ഞുകൂടാ അയാൾക്ക്. പെട്ടെന്ന് ലുമുംബാരാധകൻ താഴത്തേക്ക് ഇറങ്ങി. അനുശോചനസമ്മേളനമാണെങ്കിലും മറ്റുള്ള കുട്ടികൾ കൂവി. എനിക്കും മന്മഥൻസ്സാറിനും ചിരിയടക്കാൻ കഴിഞ്ഞില്ല. പ്രായക്കൂടുതൽ കൊണ്ട് ഞാൻ കൂവിയില്ല, ആഗ്രഹമുണ്ടായെങ്കിലും.

ഫയർസ്റ്റൊൺ ഷൂലമിത്

മഹാത്മാഗാന്ധിക്കോളേജിലെ ആ വിദ്യാർത്ഥിയെപ്പോലെയാണ് നമ്മുടെ നവീന ലേഖകർ, അവർ ഫൂക്കോ, ദെറിദ, സീസു, എന്നൊക്കെ പേരുകൾ പറയും. ഈ ചിന്തകരുടെ ആശയങ്ങൾ രണ്ടു വാക്യങ്ങൾ കൊണ്ട് എനിക്കൊന്ന് പറഞ്ഞുതരൂ എന്ന് അനഭിജ്ഞനായ ഞാൻ അവരോട് ആവശ്യപ്പെട്ടാൽ 'ലുമുംബ, ലുമുംബ, ലുമുംബ' എന്നു മാത്രമാകും മറുപടി. അവർക്കും എനിക്കും പ്രയോജനം ചെയ്യുന്ന ഒരുത്കൃഷ്ട ഗ്രന്ഥം ഇപ്പോൾ കരഗതമായിരിക്കുന്നു. ഈ ശതാബ്ദത്തിലെ വലിയ ചിന്തകരുടെ ജീവചരിത്രം, അവരുടെ ആശയ സാമ്രാജ്യം, ഇവയെല്ലാം സിതോപലത്തിന്റെ സുതാര്യതയോടെ സ്പഷ്ടമാക്കിത്തരുന്ന ഒരു ഗ്രന്ഥം ലണ്ടനിലെയും ന്യൂയോർക്കിലെയും Routledge പ്രസാധകർ പ്രസാധനം ചെയ്തിരിക്കുന്നു. Dictionary of Twentieth Century Political Thinkers എന്ന ഗ്രന്ഥത്തിന്റെ പേര്. Political എന്ന് പറഞ്ഞതുകൊണ്ട് തെറ്റിദ്ധാരണ വേണ്ട. ഓരോ ചിന്തകന്റെയും മഹനീയങ്ങളായ ആശയങ്ങളുടെ പ്രതിപാദനമുണ്ട് ഇപ്പുസ്തകത്തിൽ. ആ ചിന്തകൾ രാഷ്ട്ര വ്യവഹാരമണ്ഡലത്തിൽ എങ്ങനെ സ്വാധീനത ചെലുത്തി എന്നതിലാണ് ഊന്നൽ. അത്രേയുള്ളൂ.

സ്പഷ്ടതയും സുഗ്രഹതയുമാണ് ഇതിന്റെ മുദ്രകൾ. കനേഡിയൻ ഫെമിനിസ്റ്റ് എഴുത്തുകാരിയായ ഫയർസ്റ്റൊൺ ഷൂലമിത്തിന്റെ (Shulamith Firestone – b. 1945) The Dialective of Sex എന്ന പുസ്തകം ഇരുപതു വർഷം മുൻപാണ് ഞാൻ വായിച്ചത്. അതിലെ പ്രധാനപ്പെട്ട ആശയങ്ങൾ സംക്ഷിപ്തചാരുതയോടെ ഇപ്പുസ്തകത്തിൽ കണ്ടപ്പോൾ എനിക്കാഹ്ലാദമുണ്ടായി. അടിസ്ഥാനപരമായ ഉൽപാദനത്തിന്റെ ഏകകം—യൂണിറ്റ് അച്ഛൻ, അമ്മ, സന്താനം എന്നതാണ്. സ്ത്രീ പുരുഷനെ അപേക്ഷിച്ച് ദൗർബ്ബല്യം ഉള്ളവളാണ്. കുഞ്ഞുങ്ങൾ പ്രായമായവരെ ആശ്രയിക്കുന്നു. സന്താനങ്ങൾക്ക് അമ്മയെ ആശ്രയിക്കണം. അവൾക്ക് ഭർത്താവിനെയും. സ്ത്രീക്കും കുഞ്ഞിനും പുരുഷനെ ആശ്രയിക്കേണ്ടി വരുന്നതുകൊണ്ടാണ് പുരുഷന്മാർക്ക് ആധിപത്യം ഉണ്ടാകുന്നത്. ഈ ശതാബ്ദത്തിൽ ഈ ആശ്രയിക്കലിന് കുറവ് വന്നിട്ടുണ്ട്. വിശ്വസിക്കാവുന്ന ഗർഭനിരോധം, ടെസ്റ്റ്യൂബ് കുഞ്ഞുങ്ങൾ ഈ സാങ്കേതിക വികാസങ്ങളാണ് കുറവു വന്നതിന് കാരണമായി ഫയർസ്റ്റൊൺ കാണുന്നത്. ഇമ്മട്ടിൽ ലളിതമായി പ്രതിപാദനം തുടർന്ന് പോകുന്നു.

അമേരിക്കൻ ഫെമിനിസ്റ്റും എഴുത്തുകാരിയുമായ കേറ്റ് മിലിറ്റിനെക്കുറിച്ച് (Kate Millet – b. 1934) ഈ ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു:

കേറ്റ് മിലിറ്റ്

(മിലിറ്റന്റെ) Sexual Politics (എന്ന ഗ്രന്ഥം) വിപ്ലവാത്മകമാണ്. അത് വിവാദമുയർത്തിക്കൊണ്ടിരിക്കുന്നു. സാഹിത്യം, സംസ്കാരം ഇവയുടെ വിമർശനമുൾക്കൊള്ളുന്ന പുസ്തകമാണിത്. നാലു പുരുഷന്മാരായ എഴുത്തുകാരുടെ—പ്രാതിനിധ്യ സ്വഭാവമുള്ള എഴുത്തുകാരുടെ—രചനകളുടെ അപഗ്രഥം ഇതുൾക്കൊള്ളുന്നു. D. H. Lawrence, Norman Mailor, Henry Miller, Jean Genet ഇവരെക്കുറിച്ചുള്ള മിലിറ്റിന്റെ പഠനം തെളിയിക്കുന്നത് അവർ കാമോത്സുകതയിലല്ല അധികാരത്തിലാണ് തൽപരരായിരുന്നത് എന്നത്രേ. ആധിപത്യത്തിലായിരുന്നു അവർക്ക് കൗതുകം.

സീമോൻ ദെ ബോവ്വാർ

ആഡോർനോ, അൽത്തുസേ, സീമോൻ ദെ ബോവ്വാർ, കാസ്ട്രോ, ചോംസ്കി, എറിക് ഫ്രൊം ക്രിസ്റ്റേവ, ഗാന്ധിജി, സാർത്ര്, ലെനിൻ, ഇക്ബാൽ ഇങ്ങനെ നൂറ്റിയെഴുപതിലധികം ചിന്തകരുടെ ചിന്താ സാമ്രാജ്യത്തിൽ സഞ്ചരിക്കാനും ധൈഷണികാഹ്ലാദം അനുഭവിക്കാനും നമ്മുടെ സംസ്കാരത്തിന്റെ അതിരുകളെ വിശാലമാക്കാനും ഈ പുസ്തകം സഹായമരുളുന്നു.

"നീ പാഞ്ചാലിയാക്കപ്പെട്ട മാധവിക്കുട്ടിയുടെ ആത്മകഥ ലൈബ്രറിയിൽ നിന്നും നീയെടുത്തതു് ടീച്ചർമാർ ശ്രദ്ധിച്ചിരുന്നു". എന്ന് ശ്രീ. എ. സി. ശ്രീഹരിയുടെ കവിത ദേശാഭിമാനി വാരികയിൽ മനുഷ്യനെ റ്റോർച്ചർ ചെയ്യുന്ന ഇത്തരം വിലക്ഷണതകൾ ഏതെങ്കിലും കാലത്ത് കവിതയായി അംഗീകരിക്കപ്പെടുമോ?

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആഥിത്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്ക കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.